**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4616 26.10.2016 ന് മറുപടിയ്ക്ക്.

**വന്യ മൃഗങ്ങൾ മൂലമുള്ള വിളനാശം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ജനവാസ പ്രദേശങ്ങളിൽ കാർഷിക വിളകൾക്ക് കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവ മൂലം ഉണ്ടാകുന്ന വിളനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവയെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ? | **(ബി)** കാർഷികവിളകൾക്ക് കൂടുതൽ നാശനഷ്ടം വരുത്തുന്ന കാട്ടുപന്നി, കുരങ്ങ് എന്നിവയെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>കൃഷിയിടങ്ങളിൽ പ്രവേശിച്ച് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കാട്ടുപന്നികളെ നിബന്ധനകൾക്കു വിധേയമായി culling (അവയുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിനായി തിരഞ്ഞു പിടിച്ച് കൊല്ലുന്ന രീതി) നടത്തുന്നതിനുവേണ്ടി അനുവാദം നല്കാവുന്നതാണെന്ന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ആയത് നീട്ടിനല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് വിശദമായ പഠനം നടത്തുവാനും കുരങ്ങുകളിലെ വന്ധ്യംകരണം ഉൾപ്പെടെയുള്ള നിയന്ത്രണ രീതികളുടെ ശാസ്ത്രീയവശം പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ